M
M
U
P
S



CLASS- I
23-07-2020

# MERUVAMBAYI M U P SCHOOL
# WORKSHEET-53
## മലയാളം



M
M
U
P
S

# മക്കളേ എല്ലാവരും ഇന്നലത്തെ മലയാളം ക്ലാസ് കണ്ടില്ലേ? ഇന്നലെ താരയുടെ പിറന്നാൾ ആയിരുന്നു അല്ലേ നമുക്ക് ക്ലാസ് ഒന്നുകൂടി കണ്ടാലോ? താഴെ കൊടുത്തിരിക്കുന്ന കുഞ്ഞിക്കോഴിയുടെ കൂട് ഒന്ന് തൊട്ടുനോക്കൂ...



MMUPS

# പറയാമോ




**താരയുടെ പിറന്നാളിന് ആരൊക്കെ വന്നു?**

MMUPS



# വായിക്കാം

## താരയുടെ പിറന്നാൾ



താരയുടെ പിറന്നാൾ
അവൾക്ക് ഉടുപ്പ് കിട്ടി.
ചുവന്ന ഉടുപ്പ്.
കുഞ്ഞിക്കോഴിക്ക് ഉണ്ണിയപ്പം കിട്ടി.
കൂട്ടുകാർ വന്നു.
അവർ പാട്ടുപാടി.

MMUPS

# എഴുതാം



കൂട്ടുകാരേ താഴെ കൊടുത്തിരിക്കുന്ന അക്ഷരങ്ങളുപയോഗിച്ച് വാക്കുകൾ എഴുതാമോ?

ന

റ

വ

ത

ര

പ

ന്ന

M
M
U
P
S

# ഒരു കഥ പറയാം



ഒരു ആനയുണ്ടായിരുന്നു.
ആനയുടെ ചങ്ങാതിയായിരുന്നു ആട്.



ആന മരക്കൊമ്പ് താഴ്ത്തും
ആട് ഇല തിന്നും.



ഒരിക്കൽ രണ്ടുപേരും കാട്ടിലേക്ക് യാത്രയായി.
കാട്ടിൽ അവർ ഒരു കുളവും ഒരു ഇലന്തമരവും കണ്ടു.

MMUPS



ആന മരം കുലുക്കി, ഇലന്തപ്പഴം വീണു.
ആട് ഇലന്തപ്പഴം തിന്നാൻ തുടങ്ങി.




അപ്പോഴാണ് മരത്തിൽ നിന്നും ഒരു
കുഞ്ഞുപക്ഷി വെള്ളത്തിൽ വീണത്.



ആട് പക്ഷിയെ രക്ഷിക്കാൻ
കുളത്തിൽ ചാടി.
പക്ഷേ മുങ്ങിപ്പോയി.



ആന രണ്ടുപേരെയും കരക്കെത്തിച്ചു.

MMUPS




അങ്ങനെയങ്ങനെ നാളുകൾ കഴിഞ്ഞു. പക്ഷിക്കുഞ്ഞ് വലുതായി.



പക്ഷി മരത്തിലും ആനയും ആടും മരച്ചുവട്ടിലും താമസമാക്കി.




പക്ഷി പറന്നുചെന്ന് എവിടെയൊക്കെയാണ് പഴങ്ങളുള്ളതെന്ന് കണ്ടെത്തി.



പിന്നെ മൂന്നുപേരും അവിടേക്ക് പോയി പഴങ്ങൾ തിന്നു.



ആ മൂന്നു ചങ്ങാതിമാർക്കും ഇപ്പോൾ എന്തു സന്തോഷമാണെന്നോ!